ജൂലൈ 3, 2021 പ്രഖ്യാപനം

ഇൻഡ്യൻ ക്രിസ്ത്യൻ ഡേ/ യേശു ഭക്തി ദിവസം

ജൂലൈ 3, 2021 ഇൻഡ്യൻ ക്രിസ്ത്യൻ ഡേ (യേശു ഭക്തി ദിവസം) എന്ന നിലയിൽ ഒരു വാർഷികദിനമായി ആചരിക്കുവാനുള്ള ഈ പ്രഖ്യാപനം, ഇന്ത്യൻപൈതൃകമുള്ള, ക്രിസ്തുവിന്റെ എല്ലാ അനുഗാമികൾക്കും, എ.ഡി.52-ൽ ക്രിസ്തുവിന്റെ പന്ത്രു ശിഷ്യന്മാരിലൊരാളായ സെന്റ് തോമസ് അപ്പൊസ്തലൻ വഴി ഇന്ത്യയിലെത്തിയ കർത്താവായ യേശുക്രിസ്തുവിന്റെ സന്ദേശത്തെയും വ്യക്തിത്വത്തെയും ആഘോഷിക്കുവാനായാണ്.

ചരിത്രപരമായി സെന്റ് തോമസ് ഡേ ആചരിക്കുന്ന ഈ ദിനത്തിലാണ് അപ്പൊസ്തലനായ തോമസ് എഡി 72-ൽ ചെന്നൈയ്ക്കടുത്തുവച്ച് രക്തസാക്ഷിത്വം വരിച്ചത്. 2021 മുതൽ തുടർച്ചയായി എല്ലാ വർഷവും ഈ ദിനം ആഘോഷിക്കുകവഴി കർത്താവായ യേശുവിന്റെ അനുഗാമികളായ ഞങ്ങൾ ഇന്ത്യൻ സാംസ്കാരിക പാരമ്പര്യത്തിലൂന്നിയ ഞങ്ങളുടെ സ്വത്വം നിലനിർത്തുന്നതോടൊപ്പം, ഭാഷാ സാംസ്കാരിക, ജാതി, മത വ്യത്യാസങ്ങളില്ലാതെ ആഘോഷിക്കുവാൻ താല്പര്യപ്പെടുന്ന എല്ലാവരോടുമുള്ള ഐക്യത സൂക്ഷിക്കുകയും ചെയ്യുന്നു.

സ്വന്ത ഉപദേശങ്ങളാലും ജീവിതപ്രമാണങ്ങളാലും ഇന്ത്യയെയും ലോകത്തെയും രൂപപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്ത കർത്താവായ യേശുക്രിസ്തുവിന്റെ ഈ ലോകത്തിലെ പ്രവർത്തനത്തിന്റെ 2000-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഇൻഡ്യൻ ക്രിസ്ത്യൻ ഡേ (യേശു ഭക്തി ദിവസം) ആഘോഷിക്കുന്ന 2021, ജൂലൈ 3-നെ തുടർന്ന് ഒരു ദശാബ്ദം (2021-2030) നീ-ുനില്ക്കുന്ന ആഘോഷപരിപാടികൾ നടത്തുന്നതാണ്.